പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1806 — 04.10.2011-ൽ മറുപടിയ്ക്ക്

ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ചിറ്റയം ഗോപകുമാർ | | ഡോ. എം. കെ. മുനീർ (ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതിനുള്ള തടസ്സം എന്തെല്ലാമാണ്; | (എ) | ചില ഗ്രാമ പഞ്ചായത്തുകളിൽ എർത്തിംഗ്, വയറിംഗ് എന്നിവ നടത്താൻ സൗകര്യമില്ലാത്തതുകൊണ്ടും സെർവറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടില്ലാത്തതുകൊണ്ടും തടസ്സങ്ങൾ നേരിടുന്നുണ്ട്. |
| (ബി) | പ്രസ്തുത തടസ്സങ്ങൾ ദൂരീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ബി) | ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി സർവ്വർ കമ്പ്യൂട്ടർ ഇൻസ്റ്റലേഷൻ നടപ്പാക്കുന്നതിനും ഇൻസ്റ്റാൾ ചെയ്ത സോഫ്റ്റ്‌വെയറുകൾ ഓൺലൈനായി പ്രവർത്തിപ്പിക്കുന്നതിനും ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കമ്പ്യൂട്ടറൈസേഷൻ വഴി ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കാനുദ്ദേശിച്ച സേവനങ്ങൾ എന്തെല്ലാമാണെന്നും നടപ്പിലാക്കിയവ എന്തെല്ലാമാണെന്നും വിശദമാക്കുമോ? | (സി) | ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനും ജീവനക്കാരുടെ ജോലി ഭാരം ലഘൂകരിക്കുന്നതിനും വിവിധ സോഫ്റ്റ്‌വെയറുകൾ - സുലേഖ, സേവന, സഞ്ചിത, സ്ഥാപിത, സുഗമ, സംവേദിത, സൂചിക എന്നിവ വിന്യസിച്ചിട്ടുണ്ട്. ജനന-മരണ - വിവാഹ രജിസ്ട്രേഷനുകൾ, റവന്യൂ സംവിധാനം, സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം, അക്കൗണ്ടിംഗ്, ഫയൽ മോണിറ്ററിംഗ് തുടങ്ങിയ മേഖലകളിൽ കമ്പ്യൂട്ടർവൽകൃത സംവിധാനം ത്വരിതഗതിയിലാണ് നടപ്പാക്കി വരുന്നത്. കമ്പ്യൂട്ടർവൽകൃത പ്രവർത്തനങ്ങളുടെ എറ്റവും പ്രധാനമായ ഘടകം കമ്പ്യൂട്ടറും |

അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുകയാണ്. ഇതിനായി സെർവ്വർ മുറി തയ്യാറാക്കൽ, ഇലക്ട്രിക്കൽ വയറിംഗ്, നെറ്റ് വർക്കിംഗ്, എർത്തിംഗ് തുടങ്ങിയ സാങ്കേതിക പ്രവർത്തനങ്ങൾ 3 ഗ്രാമ പഞ്ചായത്തുകൾ ഒഴികെ എല്ലായിടത്തും പൂർത്തീകരിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതിയുടെ രൂപീകരണം. സാങ്കേതിക പരിശോധന, അംഗീകാരം, ചെലവ് വിവരങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ള സുലേഖ എന്ന സോഫ്റ്റ്‌വെയർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായ ജനന- മരണ വിവാഹ രജിസ്ട്രേഷൻ 966 ഗ്രാമ പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സേവന (പെൻഷൻ) എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വഴി സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം 932 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ ശമ്പളബിൽ തയ്യാറാക്കുന്നതിനുള്ള സ്ഥാപന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ 942 ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട്ഓഫീസുകളിൽ ഫയൽ വിവരങ്ങൾ രേഖപ്പെടുത്തി ഓരോ സെക്ഷനിലും അതാത് സമയത്തെ പുരോഗതി രേഖപ്പെടുത്തുന്നതിനും ഫയൽ മോണിറ്ററിംഗ് ചെയ്യുന്നതിനും സൂചിക ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ 153 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ